**അടിയന്തിരം**

നം.ഡി2/39425/2017/ഡിപിഐ.

പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം
തിരുവനന്തപുരം. തീയതി: 25.05.2017.

**സർക്കുലർ**

വിഷയം:- സർക്കാർ ഏറ്റെടുത്ത പഞ്ചായത്ത് ഹൈസ്കൂളുകളിലെ ഹെഡ്മാസ്റ്റർമാരുടെ നിരീക്ഷണ കാലം പൂർത്തീകരിക്കുന്നത് - സംബന്ധിച്ച്.

സൂചന:- സ.ഉ.(ആർ.റ്റി) നം.955/2017/പൊ.വി. തീയതി. 01/04/2017.

---

സർക്കാർ ഉത്തരവ് (ആർ.റ്റി) നം.955/2017/പൊ.വി. തീയതി 01/04/2017 അനുസരിച്ച് സർക്കാർ ഏറ്റെടുത്ത പഞ്ചായത്ത് ഹൈസ്കൂളുകളിലെ ഹെഡ്മാസ്റ്റർമാരുടെ നിരീക്ഷണ കാലം പൂർത്തീകരിക്കാൻ നിർദ്ദേശിച്ചിരുന്നു. അതിനാൽ ബന്ധപ്പെട്ട വിദ്യാഭ്യാസ ഉപഡയറക്ടർമാർ അതാത് പഞ്ചായത്ത് സെക്രട്ടറിമാരിൽ നിന്നും താഴെപ്പറയുന്ന രേഖകൾ എത്രയും പെട്ടെന്ന് സമാഹരിച്ച് അയച്ചു തരേണ്ടതാണ്.

1) നിരീക്ഷണ കാലം പൂർത്തീകരിക്കുന്നതിനുള്ള അപേക്ഷ (സി.ആർ ആവശ്യമില്ല.)
2) ഹെഡ്മാസ്റ്റർ ആയി സർവ്വീസിൽ പ്രവേശിച്ച തീയതി മുതലുള്ള 1 വർഷക്കാലയളവിലെ സേവന-സ്വഭാവ സാക്ഷ്യപത്രം.
3) ടി കാലയളവിൽ എടുത്തിട്ടുള്ള കാഷ്വൽ ലീവ് ഒഴികെയുള്ള അവധി വിവരങ്ങൾ.
4) അച്ചടക്ക നടപടി സംബന്ധിച്ച വിവരങ്ങൾ.

കോടതിവിധി അനുസരിച്ചുള്ള നടപടിക്രമമായതിനാൽ കാലതാമസം ഒഴിവാക്കേണ്ട-താണ്. റിട്ടയർ ചെയ്ത വരുടെ അപേക്ഷകൾ ആദ്യം അയയ്ക്കേണ്ടതാണ്.

നിരീക്ഷണ കാലം പൂർത്തീകരിക്കുന്നത് സംബന്ധിച്ച ഉത്തരവ് സർക്കാരിന്റെ വ്യവസ്ഥകൾക്കനുസരിച്ച് പുന:പരിശോധിക്കുന്നതുമായിരിക്കും.

സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ,
പൊതുവിദ്യാഭ്യാസ ഡയറക്ടർക്കു വേണ്ടി

പകർപ്പ്:-

1) എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർമാർക്കും
2) എല്ലാ ജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും
3) ബന്ധപ്പെട്ട പഞ്ചായത്ത് സെക്രട്ടറിമാരുടെ അറിവിലേയ്ക്കായി
4) സർക്കാർ ഏറ്റെടുത്ത പഞ്ചായത്ത് സ്കൂൾ ഹെഡ്മാസ്റ്റർമാരുടെ അറിവിലേയ്ക്കായി.
5) കരുതൽ ഫയൽ.

വിഎം